നൽകുകയുണ്ടായി. 1965-ൽ തന്നെ 17.40 കി.മീ. കനാലിന് വേണ്ടിയുള്ള സ്ഥലമെടുപ്പ് പൂർത്തിയാക്കുകയും വ്യത്യസ്ത ഭാഗങ്ങളിലായി വിവിധ ഏജൻസികൾ മുഖേന ഉത്ഖനന പ്രവൃത്തികൾ (എസ്കവേഷൻ) താഴെ വിവരിക്കും പ്രകാരം ചെയ്തിട്ടുണ്ട് :

0 കി.മീ മുതൽ 3.54 കി.മീ. വരെ-ഭാഗികം

3.54 കി.മീ മുതൽ 5.79 കി.മീ. വരെ-കനാൽ കുഴിച്ചു.

5.79 കി.മീ മുതൽ 9.53 കി.മീ. വരെ-ഭാഗികം

9.53 കി.മീ മുതൽ 12.44 കി.മീ. വരെ -ഇല്ല

12.44 കി.മീ മുതൽ 14.16 കി.മീ. വരെ - കനാൽ കുഴിച്ചു.

14.16 കി.മീ മുതൽ 17.40 കി.മീ. വരെ-ഇല്ല

'0' ചെയിനേജിൽ റഗുലേറ്റർ-കം-ലോക്ക് നിർമ്മിച്ചു.

1967 ജൂൺ മാസത്തോടെ കേന്ദ്ര സർക്കാർ ഫണ്ടിന്റെ ലഭ്യത തീർന്നതോടെ പണികൾ സ്തംഭനാവസ്ഥയിലായി. 1967 വരെ 40.20 ലക്ഷം രൂപയും തുടർന്നിങ്ങോട്ട് നാളിതുവരെ 17 ലക്ഷം രൂപയും മെയിന്റനൻസിനും കനാൽ നിർമ്മിച്ച സ്ഥലങ്ങളിലെ ജനങ്ങളുടെ ആവശ്യാർത്ഥം നടപ്പാലങ്ങൾ നിർമ്മിക്കുന്നതിലേക്കുമായി ചെലവായിട്ടുണ്ട്.

കണ്ണൂർ വിമാനത്താവളത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന പ്രവർത്തനം

28 (1569) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട കണ്ണൂർ വിമാനത്താവളത്തിനുവേണ്ടി മൂന്നാം ഘട്ടത്തിൽ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടി ആരംഭിച്ച 2 എൽ.എ. ഓഫീസുകളുടെ പ്രവർത്തനം നിർത്തിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ മൂന്നാംഘട്ട ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ത്വരിതഗതിയിൽ ആക്കുന്നതിനുവേണ്ടി ഇത് പുനഃസ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിർദ്ദിഷ്ട കണ്ണൂർ വിമാനത്താവള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് മൂന്നാം ഘട്ടത്തിൽ 783 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുന്നത്.

(ബി&സി) എൽ.എ. ഓഫീസുകൾ നിർത്തിവച്ചിട്ടില്ല. 3-12-2010-ലെ ജി.ഒ (സാധാ) നം. 5215/2010 ആർ.ഡി പ്രകാരം അവയുടെ പ്രവർത്തനം 31-3-2011 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly